അദ്ധ്യായം നൂറ്റിപ്പത്ത്

## അന്നസ്വ്ർ (സഹായം)

അവതരണം മദീനയിൽ, വചനങ്ങൾ 3

**അദ്ധ്യായ പരിചയം:**
പ്രവാചകൻ മുഹമ്മദി(സ)ന് അവസാനം അവതരിച്ച പൂർണ അദ്ധ്യായമാണിത്. അദ്ദേഹത്തിന്റെ അവസാന കാലത്തെന്നു സാരം. ഈ അദ്ധ്യായ അവതരിച്ച അതേ വർഷം തന്നെ അദ്ദേഹം മരണമടയുകയുണ്ടായി. അല്ലാഹു അദ്ദേഹത്തോട് പറയുന്നു, താങ്കളെ ഏതൊരു ദൗത്യ ത്തിനാണോ നിയോഗിച്ചത് അത് പൂർത്തിയായിരിക്കുന്നു. അതിനാൽ അറേബ്യയിൽ ദൈവി കവ്യവസ്ഥയുടെ വിജയം പൂർണമാവുകയും ജനങ്ങൾ കൂട്ടംകൂട്ടമായി ഈ മാർഗ ത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നതായി താങ്കൾ കണ്ടാൽ ഏകദൈവത്തെ കൂടുതൽ പ്രകീർത്തിക്കുക. അവന്റെ പരിശുദ്ധിയെ വാഴ്ത്തുക. ഈ സേവനം നിറവേറ്റുന്നതിൽ വല്ല തകരാറുകളും വന്നുപോയിട്ടുണ്ടെങ്കിൽ അവനോട് മാപ്പിനപേക്ഷിക്കുക.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

إِذَا جَآءَ نَصۡرُ ٱللَّهِ وَٱلۡفَتۡحُ ۝١ وَرَأَيۡتَ ٱلنَّاسَ يَدۡخُلُونَ فِي دِينِ ٱللَّهِ
أَفۡوَاجٗا ۝٢ فَسَبِّحۡ بِحَمۡدِ رَبِّكَ وَٱسۡتَغۡفِرۡهُۚ إِنَّهُۥ كَانَ تَوَّابَۢا ۝٣

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. അല്ലാഹുവിന്റെ വിജയവും സഹായവും വരികയും;
2. ജനം കൂട്ടം കൂട്ടമായി ദൈവികമതത്തിൽ കടന്നുവരുന്നത് നീ കാണുകയും ചെയ്താൽ
3. അപ്പോൾ നീ നിന്റെ നാഥനെ സ്തുതിച്ചുകൊണ്ട് അവന്റെ വിശുദ്ധിയെ വാഴ്ത്തുക. അവനോട് പാപമോചനത്തിന് അർഥിക്കുകയും ചെയ്യുക. തീർച്ചയായും അവൻ ഏറെ പശ്ചാത്താപം സ്വീകരിക്കുന്നവനാകുന്നു.

**വിശദീകരണം.**
അറേബ്യയിൽ ദൈവികവ്യവസ്ഥിതിയുടെ പ്രചാരണത്തിന് വിഘാതമായ സാഹചര്യം ഇല്ലാതാവുകയും അതിനെതിരെയുള്ള ശത്രുത അവസാനിക്കുകയും ചെയ്താൽ എന്നതാണ് വിജയവും സഹായവും വന്നാൽ എന്നതുകൊണ്ട് അർഥമാക്കുന്നത്. ആ ഘടമാകട്ടെ പ്രവാചകൻ(സ)യുടെ അന്തിമ ഘടവുമാണ്.

ജനങ്ങൾ കൂട്ടംകൂട്ടമായി ദൈവികവ്യവസ്ഥയിലേക്ക് വരുന്നതായി കണ്ടാൽ ഉറപ്പിക്കുക, ഈ വ്യവസ്ഥ പൂർണമായിരിക്കുന്നു എന്ന്. ആ ഘട്ടം വന്നാൽ താങ്കൾ ഏകദൈവത്തെ കൂടുതൽ പ്രകീർത്തിക്കുകയും അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുക. അതോടൊപ്പം താങ്കളെ ചുമതലപ്പെടുത്തിയ ഈ ദൗത്യനിർവഹണത്തിൽ ഉണ്ടായ തകരാറുകളുടെ പേരിൽ നാഥനോട് മാപ്പിനപേക്ഷിക്കുകയും ചെയ്തുകൊള്ളുക.